പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :7077 — 2.11.2011-ൽ മറുപടിയ്ക്ക്

## ടൂറിസം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര/സംസ്ഥാന ഗവൺമെന്റ് സഹായത്തോടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | എ) ഉണ്ട്. സംസ്ഥാന ബഡ്ജറ്റിൽ ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി ഈ വർഷം 24 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ടൂറിസം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള ടൂറിസം കേന്ദ്രങ്ങളുടെ വികസനം, ടൂറിസം സർക്യൂട്ടുകളുടെ വികസനം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) ടൂറിസവുമായി ബന്ധപ്പെടുത്തി ചാത്തന്നൂർ എൻ.എച്ച്., പറവൂർ വഴി വർക്കല റോഡ് നവീകരിക്കുന്നതിലേക്കായി നിവേദനം ലഭിച്ചിരുന്നുവോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | ബി) ലഭിച്ചിട്ടുണ്ട്. സംസ്ഥാന-കേന്ദ്ര ടൂറിസം പദ്ധതികളിൽ ടൂറിസം കേന്ദ്രങ്ങളിലേയ്ക്കുള്ള പ്രധാന റോഡുകൾ വികസിപ്പിക്കുന്നതിന് ഇപ്പോൾ തുക അനുവദിക്കാറില്ല. അതുകൊണ്ട് തന്നെ ഇത്തരത്തിലുള്ള റോഡിന്റെ വികസനം ടൂറിസം വകുപ്പിന് നേരിട്ട് ഏറ്റെടുത്ത് നടത്തുന്നതിന് നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ